# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA
കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം – 690 533, കേരളം

ICAR

ഐ.സി.എ.ആർ

സി.പി.സി.ആർ.ഐ CPCRI

## വാർത്താപത്രിക
## NEWSLETTER

Vol. 15 Issue 04

വാല്യം 15 ലക്കം 04

October - December 2016

ഒക്ടോബർ - ഡിസംബർ 2016




- പ്രധാന പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- കാർഷിക ലേഖനങ്ങൾ
- സാങ്കേതിക വിദ്യകൾ


കെ.വി.കെയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഈ QR Code സ്കാൻ ചെയ്യൂ.


**കെ. വി.കെയുമായി ബന്ധപ്പെടാൻ...**

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.-690533.
ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org


## വൈഗ–അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും



സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യ വർദ്ധവിനും ഊന്നൽ നൽകി ഡിസംബർ ഒന്നു മുതൽ അഞ്ചു വരെ സംഘടിപ്പിച്ച വൈഗ അന്താരാഷ്ട്ര ശില്പശാലയിലും പ്രദർശനത്തിലും കൃഷി വിജ്ഞാനകേന്ദ്രം പങ്കെടുത്തു. ബഹു. കേരളാ ഗവർണർ (റിട്ട. ജസ്റ്റിസ്) പി.സദാശിവം, ബഹു.കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ, വ്യവസായ വകുപ്പ് മന്ത്രി ശ്രീ.എ.സി. മൊയ്തീൻ, കാർഷിക ഉൽപ്പാദന കമ്മീഷണർ ശ്രീ. രാജു നാരായണസ്വാമി, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശ്രീ. ബിജു പ്രഭാകർ തുടങ്ങിയ പ്രമുഖർ കെ.വി.കെ. സ്റ്റാൾ സന്ദർശിച്ചു.

ഡിസംബർ 1, 2 തീയതികളിൽ നടന്ന അന്താരാഷ്ട്ര ശില്പശാലയിൽ കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ് "പച്ചക്കറികളുടെ മൂല്യവർദ്ധനവ്"എന്ന വിഷയം അവതരിപ്പിച്ചു. വെള്ളരി, മത്തൻ, ചീര തുടങ്ങി വിവിധ പച്ചക്കറികളിൽ നിന്ന് വൈവിധ്യവും പുതുമയേറിയതുമായ ഉൽപ്പന്നങ്ങളിലൂടെ കെ.വി.കെ. സ്റ്റാൾ ജനശ്രദ്ധയാകർഷിച്ചു. കെ.വി.കെ. സ്റ്റാളിനെയും ഉൽപ്പന്നങ്ങളെയും കുറിച്ചുള്ള വിവരണം മാതൃഭൂമി ന്യൂസ് ചാനലിന്റെ 'കൃഷിഭൂമി' എന്ന പരിപാടിയിൽ 2016 ഡിസംബർ 7 ന് സംപ്രേഷണം ചെയ്തു.






## കുട്ടനാട്ടിൽ വിഭവ സംരക്ഷിത – പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷി വ്യാപിക്കുന്നു



ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം മുട്ടാർ പഞ്ചായത്തിൽ കഴിഞ്ഞ ആറ് വർഷത്തോളമായി നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി ഉൽപ്പാദനോപാധികളുടെ ഉപയോഗം ഗണ്യമായി കുറച്ച്, പ്രകൃതിയെ സംരക്ഷിച്ച് പരമാവധി വിളവ് ലഭ്യമാക്കുന്ന വിഭവസംരക്ഷിത – പരിസ്ഥിതി സൗഹാർദ്ദ നെൽ കൃഷി കുട്ടനാട്ടിൽ വ്യാപിച്ചുവരികയാണ്. മണ്ണ് പരിശോധനാടിസ്ഥാനത്തിലൂന്നിയ കുമ്മായ – രാസ വളപ്രയോഗം, ഡ്രംസീഡർ ഉപയോഗിച്ചുള്ള വിത്തിടൽ, സൂഡോമോണാസ്, ട്രൈക്കോകാർഡ്, എന്നിവയിലൂടെ സംയോജിത കീടരോഗ നിയന്ത്രണം എന്നിങ്ങനെ ഈ കൃഷിരീതി മേഖലയിലാകെ ഉയർന്ന വിളവും ഉൽപ്പാദനക്ഷമതയും പരിസ്ഥിതി സംരക്ഷണവും കൈവരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

മുട്ടാറിലെ കിഴക്കേ മുണ്ടുവേലിപ്പറമ്പ് പാടശേഖരത്തിൽ 35 കർഷകരുടെ പങ്കാളിത്തത്തോടെ 60 ഏക്കർ സ്ഥലത്ത് ഈ കൃഷിരീതി നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനം 2016 നവംബർ 11ന് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ദലീമ ജോജോ നിർവ്വഹിച്ചു. ശ്രീ. മാത്യുകുട്ടി ഈപ്പൻ, പ്രസിഡന്റ്, മുട്ടാർ പഞ്ചായത്ത്, ഡോ. പി.മുരളീധരൻ, മേധാവി, കൃഷി വിജ്ഞാന കേന്ദ്രം, ശ്രീ. ശ്രീകുമാര പണിക്കർ, കൃഷി ഓഫീസർ, മുട്ടാർ, ശ്രീ. അലക്സാണ്ടർ ആന്റണി, മുൻ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ. എം.എസ്. രാജീവ്, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, കെ.വി.കെ. എന്നിവർ കർഷകരെ അഭിസംബോധനചെയ്തു. വിവിധ പാടശേഖരങ്ങളെ പ്രതിനിധീകരിച്ച് 100 ഓളം കർഷകർ ചടങ്ങിൽ പങ്കെടുത്തു. കർഷകരുടെ അംഗീകാരത്തോടെ ഈ കൃഷിരീതി മറ്റ് പഞ്ചായത്തുകളിലേക്ക് വ്യാപിക്കുകയാണ്.

## കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കുട്ടനാടിന് ഹരിത ശോഭ

മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന 'ഹരിതശോഭ' പരിപാടിക്ക് 2016 ഒക്ടോബർ 25ന് തുടക്കം കുറിച്ചു. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.കെ.കെ.അശോകൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ മുട്ടാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മാത്തുക്കുട്ടി ഈപ്പൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ.പി. മുരളീധരൻ, കൃഷി ഓഫീസർ ശ്രീ. ശ്രീകുമാരപ്പണിക്കർ, പഞ്ചായത്ത് അംഗങ്ങളായ എം.കെ. ജോസഫ്, മാത്യു വർഗീസ്, റെജിമോൾ പുരുഷോത്തമൻ, ഡി. ജോസഫ് , ജയ സത്യൻ, ശോഭ മോഹൻദാസ്, മാത്തുക്കുട്ടി, സി.ഡി.എസ്. ചെയർപേഴ്സൺ ജിപ്സി പ്രസന്നൻ തുടങ്ങിയവർ കർഷകരെ അഭിസംബോധന ചെയ്തു. പദ്ധതിയുടെ ഭാഗമായി പ്ലാവ്, മാവ്, പേര, ഈട്ടി, നീർമരുത്, കറിവേപ്പ് തുടങ്ങിയ വൃക്ഷങ്ങളുടെ 2500ഓളം തൈകൾ കർഷകർക്ക് വിതരണം ചെയ്തു.



## 'മണ്ണ് സംരക്ഷണത്തിലൂടെ ആരോഗ്യ സംരക്ഷണം' – അന്താരാഷ്ട്ര മണ്ണ് ദിനം ആചരിച്ചു

മികച്ച രീതിയിൽ മണ്ണ്-ജല-ജൈവ വിഭവങ്ങൾ സംരക്ഷിക്കുക വഴി സാമൂഹിക ആരോഗ്യം ഉറപ്പാക്കാമെന്ന സന്ദേശം നൽകി, കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ അന്താരാഷ്ട്ര മണ്ണ് ദിനം ആചരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഇന്ദിര തിലകൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പഞ്ചായത്തിലെ 23 വാർഡുകളിലെയും കൃഷിയിടങ്ങളിൽ നിന്നും ശേഖരിച്ച മണ്ണ് സാമ്പിളുകളുടെ പരിശോധനാടിസ്ഥാനത്തിൽ തയ്യാറാക്കിയ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് കൈമാറി. മണ്ണിന്റെ വളക്കൂറിനെയും ഘടനയെയും കുറിച്ചുള്ള വിവരങ്ങൾക്ക് പുറമെ, തെങ്ങ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മഞ്ഞൾ എന്നിവയുടെ ശാസ്ത്രീയ വളപ്രയോഗ ശുപാർശകളും മണ്ണ് പരിപോഷണ കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ശ്രീ. എ.എസ്. ജയമോഹൻ, ചെയർമാൻ, പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ശ്രീ. ആർ.ഡി. സുബ്രഹ്മണ്യൻ, പ്രസിഡന്റ്, നാളികേര ഉത്പാദക ഫെഡറേഷൻ, ശ്രീ.വി.സി.ദാസ്, പ്രസിഡന്റ്, മാരാരിക്കുളം സൗത്ത് ഫാം ക്ലബ്ബ്, ശ്രീ.കെ.പി.ഗോപിനാഥ പണിക്കർ, സെക്രട്ടറി, മാരാരിക്കുളം സൗത്ത് ഫാം ക്ലബ്ബ് എന്നിവർ യോഗത്തിൽ പങ്കെടുത്ത 75-ഓളം കർഷകരെ അഭിസംബോധനചെയ്തു. തുടർന്ന് 'മണ്ണ് സംരക്ഷണത്തിലൂടെ ആരോഗ്യ സംരക്ഷണം' എന്ന വിഷയത്തിൽ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന സംവാദത്തിൽ ഡോ. കെ. സജ്നാനാഥ്, ശ്രീമതി. ജി. ലേഖ, ശ്രീ. ടി.ശിവകുമാർ (എസ്.എം.എസ്, കെ.വി.കെ) എന്നിവർ പങ്കെടുത്തു.

## ശുചിത്വ ദ്വൈവാരാചരണം

ഭാരത സർക്കാരിന്റെ 'ശുചിത്വ ഭാരതം' പരിപാടിയുടെ പ്രചരണാർത്ഥം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശുചിത്വത്തിനും ജൈവാവശിഷ്ട പുനഃചംക്രമണത്തിലൂടെ സാമൂഹിക ആരോഗ്യത്തിനും ഊന്നൽ നൽകി ശുചിത്വ ദ്വൈവാരാചരണം ജില്ലയുടെ വിവിധയിടങ്ങളിൽ ഒക്ടോബർ 16 മുതൽ 31 വരെ സംഘടിപ്പിച്ചു.

ജൈവാവശിഷ്ട പുനഃചംക്രമണത്തിന്റെ സാധ്യതകളെ ക്കുറിച്ച് കൃഷ്ണപുരം, മാരാരിക്കുളം, മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. അടുക്കളത്തോട്ട പരിപാലനം, വരുമാന വർദ്ധനവിന് ജൈവമാലിന്യത്തിൽ നിന്നും വിലയേറിയ ജൈവവളം നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ, വീട്ടുവളപ്പിലെ ജൈവാവശിഷ്ടങ്ങളിൽ നിന്നും വിവിധ കമ്പോസ്റ്റ് നിർമ്മാണ രീതികൾ, സ്കൂൾ, ഓഫീസ് തുടങ്ങിയ പൊതു സ്ഥലങ്ങളിലെ ജൈവാവശിഷ്ടങ്ങൾ ഉപയോഗിച്ച് പോഷകത്തോട്ട നിർമ്മാണം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിച്ചു.



## ജയ് കിസാൻ ജയ് വിജ്ഞാൻ വാരം ആചരിച്ചു




കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജയ് കിസാൻ ജയ് വിജ്ഞാൻ വാരാചരണം വിവിധ പരിപാടികളോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഡിസംബർ 23 മുതൽ 29 വരെ തീയതികളിൽ സംഘടിപ്പിച്ചു.

- കാർഷിക പ്രശ്നോത്തരി- അസോസിയേഷൻ ഓഫ് ഓണാട്ടുകര ഫാർമേഴ്സ് ക്ലബ്ബ് നടത്തിയ കാർഷിക പ്രദർശനത്തിനോടനുബന്ധിച്ച് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ഫാർമേഴ്സ് ക്ലബ്ബുകളെ പ്രതിനിധീകരിച്ച് കർഷകർക്കായുള്ള കാർഷിക പ്രശ്നോത്തരി മത്സരം സംഘടിപ്പിച്ചു. ഈ മത്സരത്തിൽ 9 ടീമുകൾ സജീവമായി പങ്കെടുത്തു. 23ന് നടന്ന സമാപനച്ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി. വേണുഗോപാൽ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.
- ചുനക്കര കൃഷിഭവനിൽ ഡിസംബർ 24ന് ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉത്പാദക കമ്പനിയിലെ പങ്കാളികളായ കർഷകരുമായി മുഖാമുഖം പരിപാടി ശ്രീമതി. ജിസ്സി ജോർജ് സംഘടിപ്പിച്ചു. അന്നേ ദിവസം വി.എഫ്.പി.സി.കെയുമായി സഹകരിച്ച് മാരാരിക്കുളം സൗത്ത് പഞ്ചായത്തിലെ ദേശസേവിനി വായനശാലയിൽ ശാസ്ത്രീയ പയർ കൃഷിയെക്കുറിച്ച് നടത്തിയ പരിശീലന പരിപാടിയിൽ ശ്രീ. എം.എസ്. രാജീവും കാട്ടൂർ സൗഹൃദ റസിഡൻസ് അസോസിയേഷനിലെ അംഗങ്ങൾക്ക് 'വീട്ടുവളപ്പിലെ കമ്പോസ്റ്റ് നിർമ്മാണം' എന്ന വിഷയത്തെക്കുറിച്ചുള്ള പരിശീലനം ഡോ. കെ. സജ്നാനാഥും നയിച്ചു. ഈ പരിശീലന പരിപാടികളിൽ 60 ഓളം കർഷകർ പങ്കെടുത്തു.
- മാരാരിക്കുളം സൗത്ത് പഞ്ചായത്തിൽ ഡിസംബർ 27ന് ക്ഷീരകർഷകരുമായുള്ള മുഖാമുഖത്തിൽ പശുവളർത്തലിലെ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകളെക്കുറിച്ച് ഡോ. എസ്. രവി, എസ്.എം.എസ് ക്ലാസ്സെടുത്തു. പൊള്ളേത്തൈ ക്ഷീരോത്പാദക സഹകരണ സംഘം പ്രസിഡന്റ് ശ്രീ. പി.എം. ശ്രവണൻ പരിപാടി ഉദ്ഘാടനം ചെയ്തു.
- രോഗ നിയന്ത്രണത്തിന് സഹായിക്കുന്ന ട്രൈക്കോഡെർമ എന്ന മിത്രക്കുമിൾ ചാണകപ്പൊടി - വേപ്പിൻ പിണ്ണാക്ക് മിശ്രിതത്തിൽ വംശ വർദ്ധനവ് നടത്തി വിളകളിൽ പ്രയോഗിക്കുന്നതിനേക്കുറിച്ചുള്ള പ്രായോഗിക പരിശീലനം ഡിസംബർ 28ന് മണ്ണഞ്ചേരി പഞ്ചായത്തിൽ സംഘടിപ്പിച്ചു. ശ്രീമതി. ജി.ലേഖ, എസ്.എം.എസ് നയിച്ച ക്ലാസ്സിൽ 60ഓളം കർഷകർ പങ്കെടുത്തു.



## വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ



### 1. കാർഷിക പ്രദർശനങ്ങൾ

കാർഷിക വികസന-കർഷക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മണ്ണാറശാല യു.പി.എസ്സിൽ 2016 നവംബർ 26ന് സംഘടിപ്പിച്ച കാർഷിക പ്രദർശനത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പങ്കെടുത്തു. പ്രദർശനത്തിനോടനുബന്ധിച്ച് കുട്ടികൾക്കായി നടത്തിയ കാർഷിക പ്രശ്നോത്തരി (ഹരിതമുകുളം) കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ടി. ശിവകുമാർ നയിച്ചു.

അസോസിയേഷൻ ഓഫ് ഓണാട്ടുകര ഫാർമേഴ്സ് ക്ലബ് വിവിധ കാർഷിക-കാർഷികേതര ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ചാരുംമൂട് സെന്റ് മേരീസ് എൽ. പി.സ്കൂൾ ഗ്രൗണ്ടിൽ ഡിസംബർ 19 മുതൽ 23 വരെ സംഘടിപ്പിച്ച കാർഷിക പ്രദർശനത്തിൽ കൃഷി വിജ്ഞാനകേന്ദ്രം പങ്കെടുത്തു.

**2. പ്രബന്ധാവതരണം :** കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച 22-ാമത് അന്താരാഷ്ട്ര തോട്ടവിള ഗവേഷണ സിമ്പോസിയ (PLACROSYM) ത്തിൽ കെ.വി.കെ സാങ്കേതിക വിദഗ്ധരായ എം.എസ്. രാജീവ് 'തെങ്ങിൻ തോപ്പിലെ ഇടവിളയായി മഞ്ഞൾ ഇനങ്ങളുടെ വിലയിരുത്തൽ' എന്ന വിഷയത്തിലും ശ്രീ.ടി. ശിവകുമാർ 'കൊമ്പൻ ചെല്ലിക്കെതിരെ പ്രയോഗിക്കുന്ന മെറ്റാറൈസിയം കുമിളിന്റെ വളർച്ചയിൽ വിവിധ കുമിൾ നാശിനികളുടെ പ്രഭാവം' എന്ന വിഷയത്തിലും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

### 3. കാർഷിക ലേഖനങ്ങൾ

1. ജിസ്സി ജോർജ്. 2016. വെർജിൻ വെളിച്ചെണ്ണ പ്രിയമേറും ഉൽപ്പന്നം. കർഷകശ്രീ 22 (10) : 88-89
2. ജിസ്സി ജോർജ്. 2016. മധുരം കിനിയും ഫ്രൂട്ട് കാൻഡി. കർഷകശ്രീ 22 (11) : 96-97
3. ശിവകുമാർ, ടി. 2016. ട്യൂട്ട വരുന്നു കരുതിയിരിക്കുക. കേരള കർഷകൻ 62 (4) : 58-59
4. ശിവകുമാർ, ടി. 2016. മാവിന് മാത്രമല്ല മെറ്റ്. കർഷകശ്രീ 22 (12) : 69
5. ജിസ്സി ജോർജ്., മുരളീധരൻ, പി. 2016. പച്ചക്കറികൾ പല രൂപത്തിൽ. കേരള കർഷകൻ 62 (5) 23-24
6. ജിസ്സി ജോർജ്., മുരളീധരൻ, പി. 2016. പഴങ്ങൾ പുതുരുചിയിൽ. കേരള കർഷകൻ 62 (5) 23-25
7. ശിവകുമാർ, ടി., മുരളീധരൻ, പി. 2016. തേനും ഉപയോഗങ്ങളും. കർഷകൻ 24 (12) : 40-42
8. മുരളീധരൻ, പി., രാജീവ്, എം.എസ്., റീമ ആനന്ദ്. 2016. സംരക്ഷിത സൗഹൃദ നെൽകൃഷി. കർഷകൻ 24 (12) : 23-26

## സാങ്കേതിക വിദ്യകൾ

### വേനൽചൂടിൽ നിന്നും കന്നുകാലികൾക്ക് രക്ഷ ഒരുക്കാം





- തൊഴുത്തിനുള്ളിൽ പരമാവധി വായു സഞ്ചാരം ലഭ്യമാക്കിയും, മേൽക്കൂരയിൽ ഓല, കച്ചി എന്നിവ നിരത്തിയും, ഷെഡ്ഡിൽ ഫാൻ ഘടിപ്പിച്ചും, വാട്ടർ സ്പ്രിംഗ്ലർ/ ഷവർ ഉപയോഗിച്ചും പശുക്കളുടെ ശരീര താപം നിയന്ത്രിക്കാം.
- തൊഴുത്തിന് ചുറ്റും തണൽ മരങ്ങൾ വച്ച് പിടിപ്പിച്ചും പശുക്കൾക്ക് തണുപ്പ് നൽകാം. പകൽ 12.00 മുതൽ 3.00 വരെ പശുക്കളെ മേയാൻ വിടരുത്.
- പശുക്കൾക്ക് ഇഷ്ടാനുസരണം തണുത്ത ശുദ്ധജലം ലഭ്യമാക്കുന്നതിന് ആട്ടോമാറ്റിക്ക് കുടിവെള്ള സംവിധാനം തൊഴുത്തിൽ സജ്ജീകരിക്കാവുന്നതാണ്.
- ശരീരത്തിൽ നിന്നും നഷ്ടപ്പെടുന്ന ജലത്തിലൂടെ ധാതു ലവണങ്ങളും നഷ്ടപ്പെടുന്നതിനാൽ തീറ്റയിലൂടെ ധാതുലവണ മിശ്രിതം പതിവായി നൽകണം.
- മുതിര, ചെറുപയർ, വൻപയർ തുടങ്ങിയ പയറു വർഗ്ഗങ്ങൾ 12 മണിക്കൂർ കുതിർത്ത ശേഷം സുഷിരങ്ങളുള്ള പ്ലാസ്റ്റിക്ക് ട്രേയിൽ നിരത്തി 7 ദിവസംവരെ പകൽ സമയങ്ങളിൽ 2 മണിക്കൂർ ഇടവിട്ട് വെള്ളം തളിച്ച് കൊടുത്ത് 7-ാം ദിവസം ചെടികൾ വേരോടെ പിഴുത് തീറ്റയായി നൽകുന്നത് പശുക്കൾക്ക് വേനൽക്കാലത്ത് ചൂടിനെ പ്രതിരോധിക്കാൻ സഹായിക്കും.

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Principal Scientist & Head; Design, Layout & Compilation: Dr. S. Ravi, Arathy Balakrishnan; Technical Inputs : Rajeev M.S., Jissy George., T. Sivakumar,. Lekha G & Dr. K. Sajnanath; Technical Assistance : Ansary K.M, Bijila P.V & Reema Anand.; Photos: KVK Staff